കെ.എസ്.എ-കെ.ടി.എം.പി.8/1335/2017 തീയതി: 07.09.2017

# കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.12.16 മുതൽ 31.5.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.8.2017 മുതൽ 11.8.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ലൂക്കോസ് കുര്യൻ | ഓഡിറ്റർ |
| | ശ്രീ.ആൽബിൻ സിറിയക് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.ജി.മോഹനൻ | 01.4.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.രാജേഷ് ടി.വർഗ്ഗീസ് | 01.4.16 മുതൽ 18.08.16 വരെ |
| | ശ്രീമതി രാജരാജേശ്വരി, അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ് | 19.08.16 മുതൽ 28.12.16 വരെ |
| | ശ്രീ.സുനിൽ എസ്. | 29.12.16 മുതൽ 31.03.17 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി രാജരാജേശ്വരി എസ്. | 01.04.16 മുതൽ 15.02.17 വരെ |
| | ശ്രീമതി സി.എസ്.ജ്യോതിലക്ഷ്മി | 16.02.17 മുതൽ 21.02.17 വരെ |
| | ശ്രീമതി കെ.ആർ.റാണിതണ്ടാർ | 22.02.17 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ധന്യ ജനാർദ്ദനൻ | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.പ്രദീപ്കുമാർ | 01.04.16 മുതൽ 31.03.17 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.പത്മകുമാർ | 01.04.16 മുതൽ 31.03.17 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.ജോഷി ജോസഫ് | 01.04.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ | ശ്രീ.മനോജ് മുകുന്ദൻ | 01.04.16 മുതൽ 31.03.17 വരെ |
| | ശ്രീമതി ഷീന കെ.പി. | 01.04.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ശോഭന എ.പി. | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.രേണു ആർ. | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി കെ.മോളി | 01.04.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | തനത് ഫണ്ട് ചെലവുകൾ |
| 1-9 | ക്ഷേമപദ്ധതികൾ |
| 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 1-11 | ആഭ്യന്തരനിയന്ത്രണം |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക (2,46,917 രൂപ) ഈടാക്കേണ്ടതാണ് |
| 2-3 | വസ്തുനികുതി-58,12,936 രൂപ കുടിശ്ശിക |
| 2-4 | വസ്തുനികുതി ഡി.സി.ബി.യിൽ വാർഷിക കണക്കും സഞ്ചയ ഡേറ്റാബേസും തമ്മിൽ പൊരുത്തക്കേട് |
| 2-5 | ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ |
| 2-6 | ഡി&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു |
| 2-7 | കളക്ഷന് നൽകിയ ചെക്കുകൾ അക്കൗണ്ടുകളിൽ വരവ് വന്നിട്ടില്ല |
| 2-8 | ഡി&ഒ ലൈസൻസ് – അപേക്ഷകളിൽ വിവരങ്ങൾ അപൂർണ്ണം |
| 2-9 | കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്തതായ ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 2-10 | ലേലം-കുടിശ്ശിക ഈടാക്കേണ്ടതാണ് |
| 2-11 | പഞ്ചായത്ത് നടത്തുന്ന ഫെറികളിൽ നിയമാനുസൃതമായ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ സർവ്വീസ് നടത്തുന്നു |
| 2-12 | വാടക കുടിശ്ശിക – പിഴപലിശ സഹിതം ഈടാക്കേണ്ടതാണ് |
| 2-13 | മാസ വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയ വാടകക്കാരിൽ നിന്ന് കരാർ പ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയിട്ടില്ല |
| 2-14 | ഇ-ടെണ്ടർ – പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഗവ.ആശുപത്രി മരുന്ന് വാങ്ങൽ – പ്രോജക്ടുകളിലെ അപാകതകൾ |
| 3-2 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-3 | വാട്ടർചാർജ്ജിനത്തിൽ വൻതുക കുടിശ്ശിക |
| 3-4 | ആശ്രയ |
| 3-5 | നാളിതുവരെ ശമ്പളപരിഷ്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയില്ല |
| 3-6 | നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് 2016-17 |
| അനുബന്ധം-3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2016-17 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥത്തിലുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം(യഥാർത്ഥ വരവ്) | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 56,88,465 | 88,70,838.05 | 31,82,373.05 | -- |
| വരവ് | 9,59,99,946 | 5,29,43,584 | -- | 4,30,56,362 |
| ആകെ | 10,16,88,411 | 6,18,14,422.05 | -- | 3,98,73,989 |
| ചെലവ് | 10,02,45,538 | 4,42,91,686 | -- | 5,59,53,852 |
| നീക്കിയിരിപ്പ് | 14,42,873 | 1,75,22,736.05 | 1,60,79,863.05 | -- |

യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി ബജറ്റ് പൊരുത്തപ്പെടുന്നില്ല. പ്രതീക്ഷിച്ച വരവും യഥാർത്ഥ വരവും, പ്രതീക്ഷിച്ച ചെലവും യഥാർത്ഥ ചെലവും തമ്മിൽ കോടികളുടെ അന്തരമുണ്ട്. മുൻവർഷത്തെ നീക്കിയിരിപ്പ് തൻവർഷ പ്രാരംഭബാക്കിയുമായി പൊരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ മനസ്സിലാക്കി ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 7.6.17 | പ്രാഥമിക പരിശോധന നടത്തിയിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം നൽകി | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 88,70,838.05

വരവ് -5,29,43,584

ആകെ -6,18,14,422.05

ചെലവ് -4,42,91,686

നീക്കിയിരിപ്പ്-1,75,22,736.05

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷം അലോട്ട് ചെയ്ത തുക | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,04,63,460 | 89,55,920 | 15,07,540 | 85.5 |
| വികസനഫണ്ട് എസ്.സി.പി. | 0 | 54,86,916 | 22,00,952 | 32,85,964 | 40 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,20,752 | 40,000 | 1,80,752 | 18 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 69,94,740 | 23,59,865 | 46,34,875 | 33.7 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 30,33,771 | 5,30,000 | 25,03,771 | 17 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 58,68,423 | 23,16,027 | 35,52,396 | 39 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 35,78,513 | 22,97,464 | 12,81,049 | 64 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 640.50 | 4,59,920 | 4,11,982 | 4,85,785 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 166 | 5,09,47,606 | 76 | 2,23,56,000 | - | 90 | 45.78 |

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. 490/16/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം. തീ. 15.06.2017 നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ- 144 പ്രോജക്ടുകളും പട്ടികജാതി വിഭാഗത്തിലെ- 19പ്രോജക്ടുകളും പട്ടികവർഗ്ഗവിഭാഗത്തിലെ- 3 പ്രോജക്ടുകളും ഉൾപ്പെടെ ആകെ -166 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ, 76 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 10 വർക്കിംഗ് ഗ്രൂപ്പുകൾ 27.02.2016 ൽ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു.

<u>നേട്ടങ്ങൾ</u>

ഉൽപ്പാദനമേഖലയിൽ സമഗ്ര നെൽകൃഷി വികസനം, പച്ചക്കറി വികസനം, മുട്ടക്കോഴി വിതരണം, ക്ഷീരവികസനം, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, തുടങ്ങിയ പ്രോജക്ടുകൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു. സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ഹോമിയോ-ആയുർവേദ ആശുപത്രികൾക്ക് മരുന്നുവാങ്ങൽ, വീട് ഗുണമേന്മ വർദ്ധനവ്, ഉറവിട മാലിന്യ സംസ്കരണം ഗാർഹീക യൂണീറ്റ്, ആശ്രയ പദ്ധതിയ്ക്ക് തുക നൽകൽ, ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, പൈപ്പ്ലൈൻ നീട്ടൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

<u>കോട്ടങ്ങൾ</u>

- 2015-16 വർഷം വികസനഫണ്ട് സാധാരണവിഹിതം 99% ചെലവഴിച്ചിരിന്നു. എന്നാൽ തൻവർഷം 86 % - മായി കുറഞ്ഞു.
- പശ്ചാത്തല മേഖലയിൽ 32.83% തുക മാത്രമാണ് ചെലവഴിച്ചത്.
- ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കായി വ്യത്യസ്തമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നില്ല.
- ഉൽപ്പാദനമേഖലയിൽ പച്ചക്കറി കൃഷിവികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നാമമാത്രമായിരുന്നു.
- എല്ലാമേഖലകളിലും വൈവിദ്ധ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു
- എല്ലാ അങ്കണവാടികൾക്കും സ്വന്തം കെട്ടിടവും വൈദ്യുതീകരണവും സാധ്യമായിട്ടില്ല.
- അങ്കണവാടികളുടെ മെയിന്റനൻസ് പദ്ധതി ആസൂത്രണം ചെയ്തിരുന്നെങ്കിലും അവ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു.
- വിവിധ ആവശ്യങ്ങൾക്ക് സ്ഥലം വാങ്ങൽ, മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം, സ്കൂൾ മെയിന്റനൻസ്, ഹോസ്പിറ്റൽ മെയിന്റനൻസ്, തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

## 1-7 <u>തനത് വരുമാനം.</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ നികുതി വരവ് വർദ്ധിച്ചെങ്കിലും തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവുണ്ടായി.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 1,07,90,332 | 1,31,86,140 | (+)23,95,808 |
| നികുതിയേതര വരവുകൾ | 89,53,564 | 30,38,831 | (-)59,14,733 |
| മറ്റുവരവുകൾ | 30,20,538 | 4,58,388 | (-)25,62,150 |
| ആകെ | 2,27,64,434 | 1,66,83,359 | (-)60,81,075 |

## 1-8 <u>തനതു ഫണ്ട് ചെലവുകൾ</u>

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

സ്യൂട്ട് രജിസ്റ്റർ പ്രകാരം 1999 മുതൽ നാളിതുവരെ 112 കേസുകളുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വക്കീൽഫീസ് കൊടുക്കുന്നത് രേഖപ്പെടുത്തുന്നതല്ലാതെ ടി കേസുകളുടെ പുരോഗതിയോ തീർപ്പാക്കൽ വിവരങ്ങളോ

രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

വെള്ളക്കരം ഇനത്തിൽ ഫൈൻ ഉൾപ്പടെ ഭീമമായ തുകയാണ് അടവാക്കുന്നത്. സംയുക്ത പരിശോധന നടത്തിയിട്ടില്ല.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,85,280 | 118 |
| കർഷകതൊഴിലാളി പെൻഷൻ | 39,59,730 | 594 |
| വിധവാപെൻഷൻ | 57,15,495 | 602 |
| വാർദ്ധക്യകാലപെൻഷൻ | 1,79,30,300 | 1723 |
| വികലാംഗപെൻഷൻ | 18,04,855 | 229 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,94,340 | 15 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹസഹായം | 1,20,000 | 4 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.8.2017ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ (9,099 രൂപ) കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ഇ.എം.എസ് ലോൺ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.7.17-28.7.17 | 6/17 | ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3/15 | 2012-13 | LBA(HQ)/I1/88-2144/84/ Dt.3.06.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 63,32,811 രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 8,02,80,865 രൂപയും ചെലവ് 7,39,48,054 രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 6,18,14,422.05 രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 4,42,91,686 രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 1,75,22,736.05 രൂപയാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1)ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/LSGD .26.7.11)പാലിച്ചിട്ടില്ല.

2)കെട്ടിടനികുതിയിനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല. അരിയർ, തൻവർഷ കളക്ഷൻ എന്നിവയ്ക്ക് സഞ്ചയയുമായുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയ പ്രകാരമുള്ള കളക്ഷൻ | എ എഫ്.എസ് പ്രകാരം |
|---|---|---|
| റെസിഡെൻഷ്യൽ(കറന്റ്) | 13,44,587 | 16,76,520 |
| റെസിഡെൻഷ്യൽ(അരിയർ) | 17,18,912 | 20,59,328 |
| നോൺറെസിഡെൻഷ്യൽ(കറന്റ്) | 12,03,079 | 8,74,405 |
| നോൺറെസിഡെൻഷ്യൽ(അരിയർ) | 14,50,680 | 10,99,242 |

3)മുൻ വാർഷിക കണക്കുകൾ ബി15 പ്രകാരം തൊഴിൽ നികുതിയിനത്തിൽ കുടിശ്ശികയുണ്ടായിരുന്നത് 9,570 രൂപയാണ്. എന്നാൽ അരിയർ കളക്ഷനായി തൻവർഷം കാണിച്ചിരിക്കുന്നത് (RP 43) 11,940 രൂപയാണ്.

4)മുൻ വാർഷിക കണക്കുകൾ ബി9 പ്രകാരം ഡി ആന്റ് ഒ ലൈസൻസിനത്തിലെ അഡ്വാൻസ് കളക്ഷൻ 38,580 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 25,080 രൂപയാണ്.

5)മുൻ വാർഷിക കണക്കുകൾ ബി15 പ്രകാരം മാർക്കറ്റ് വരവിനത്തിൽ 5,000 രൂപ കുടിശ്ശികയുണ്ടായിരുന്നു. ആയത് തൻവർഷം കുടിശ്ശികയായി കളക്ട് ചെയ്യുകയോ ലയബിലിറ്റിയായി ബുക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. മാർക്കറ്റ് വരവിനത്തിലെ ആകെ കളക്ഷൻ എ.എഫ്.എസ് പ്രകാരം 1,55,000 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 1,65,000 രൂപയാണ്.

6) വാർഷിക കണക്കുകൾ RP43 പ്രകാരം വാടകയിനത്തിലെ കളക്ഷൻ 2,97,780 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 2,97,401 രൂപയാണ്.

7) ഇ.എം.എസ് ലോൺ രജിസ്റ്റർ 2016-17 ൽ കാലികമാക്കാത്തതിനാൽ ബി5, ബി16 ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

8) സ്ഥിരനിക്ഷേപം രസീത് പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
9) തൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## **2-2** മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക **(2,46,917/-** രൂപ**)** ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ നാളിതുവരെ പെർമ്മിറ്റ് എടുത്ത് വസ്തുനികുതി നിർണ്ണയിച്ച 08 ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ എല്ലാ ടവറുകളും 2013-14 കാലയളവ് മുതൽ വസ്തുനികുതി കുടിശ്ശിക വരുത്തിയിരിക്കുന്നു. 2,46,917/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് കുടിശ്ശികയായുണ്ട്. പെർമ്മിറ്റ് എടുത്ത സമയത്തെ ടവർ സ്ഥാപിച്ചിരിക്കുന്ന കമ്പനിയുടെ ഉടമസ്ഥാവകാശം മാറിയതിനാൽ ടവറിന്റെ ഇപ്പോഴത്തെ ഉടമസ്ഥരുടെ വിലാസമോ അവരുടെ ബന്ധപ്പെടുന്നതിനുള്ള

വിവരങ്ങളോ ഇല്ലാത്ത സാഹചര്യമാണെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം./ കെട്ടിട നം. | ടവർ സ്ഥാപിച്ചിരിക്കുന്ന കമ്പനിയുടെ പേരും വിലാസവും | സ്ഥലവിസ്തീർണ്ണം& ചുമത്തിയ വസ്തുനികുതി | പിഴപ്പലിശ ഉൾപ്പെടെ ആകെ കുടിശ്ശിക (രൂപയിൽ) |
|---|---|---|---|---|
| 1 | 1/615A | ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവേഴ്സ് Ltd | 5.44 ച.മി./ 3,264 രൂപ | 17,271 |
| 2 | 2/232D | WTTIL, SL പ്ലാസ, പാലാരിവട്ടം | 12.5 ച.മി./ 6,750 രൂപ | 33,065 |
| 3 | 5/89A | റിലയൻസ് കമ്മ്യൂണിക്കേഷൻസ് Ltd | 15 ച.മി./ 6,750 രൂപ | 35,710 |
| 4 | 7/276A | എം.എസ്.വയോമ നെറ്റ് വർക്സ് Ltd, J&co ചെയ്മ്പേഴ്സ്, ഇടപ്പള്ളി | 12 ച.മി./ 5,400 രൂപ | 28,983 |
| 5 | 7/277A | എം.എസ്. ഭാരതി സെല്ലുലാർ Ltd, പാടിവട്ടം, കൊച്ചി. | 12ച.മി./ 6,000 രൂപ | 32,157 |
| 6 | 9/297A | ടാറ്റാ ടീ സർവ്വീസ് Ltd, SL പ്ലാസ, പാലാരിവട്ടം | 12 ച.മി./ 6,600 രൂപ | 34,914 |
| 7 | 12/326A | ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവേഴ്സ് Ltd | 14ച.മി./ 7,700 രൂപ | 40,733 |
| 8 | 15/303 | സബ് ഡിവിഷണൽ എൻജിനീയർ, BSNL | 10 ച.മി./ 4,500 രൂപ | 24,084 |
| ആകെ | | | | 2,46,917/- |

കുടിശ്ശിക ഈടാക്കുവാൻ റവന്യൂറിക്കവറി ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ടവർ സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ ഉടമസ്ഥരുടെ പക്കൽനിന്നും ടവറിന്റെ ഇപ്പോഴത്തെ ഉടമസ്ഥരുടെ വിലാസമോ മറ്റ് ബന്ധപ്പെടുന്നതിനുള്ള വിവരങ്ങളോ ലഭ്യമാക്കുവാൻ ശ്രമിക്കാവുന്നതാണ്. പഞ്ചായത്ത് ധനകാര്യകമ്മറ്റിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

## 2-3 വസ്തുനികുതി - 58,12,936/- രൂപ കുടിശ്ശിക

തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ വാർഷിക കണക്ക് പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക 58,12,936/- രൂപയാണ്. നികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് വീഴ്ചവരുത്തുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ വസ്തുനികുതി ഇനത്തിൽ അൻമ്പത്തിയെട്ട് ലക്ഷത്തിലധികം തുക കുടിശ്ശിക വന്നിരിക്കുന്നത് ആശാസ്യമായ കാര്യമല്ല. കുടിശ്ശിക ഈടാക്കുന്നതിന് പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ധനകാര്യകമ്മറ്റിയുടെ അടിയന്തിരശ്രദ്ധ ഈവിഷയത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

## 2-4 വസ്തു നികുതി ഡി.സി.ബി. യിൽ വാർഷിക കണക്കും സഞ്ചയ ഡേറ്റാബേസും തമ്മിൽ പൊരുത്തക്കേട്

2016-17 വാർഷിക കണക്കും സഞ്ചയ ഡേറ്റാബേസും തമ്മിൽ കണക്കുകളിൽ താഴെപ്പറയുംവിധം വ്യത്യാസമുള്ളതായി കാണുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം (രൂപയിൽ) | സഞ്ചയ ഡേറ്റാബേസ് പ്രകാരം (രൂപയിൽ) |
|---|---|---|
| ഡിമാന്റ് | 1,18,10,464 | 1,13,85,734 |
| കളക്ഷൻ | 59,97,528 | 60,81,328 |
| ബാലൻസ് | 58,12,936 | 53,04,406 |

മേൽ പട്ടിക പ്രകാരമുള്ള കണക്കുകളിലെ വ്യത്യാസത്തിന് കാരണം കണ്ടെത്തി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1.ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ആയുർവേദ ഡിസ്പെൻസറി, തലയോലപ്പറമ്പ് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | വടയാർ കർഷകസംഘം ലിമിറ്റഡ് നം-307 | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | പ്രിൻസിപ്പൽ ഐസിഎം കമ്പ്യൂട്ടേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | ക്ഷീരോദ്പ്പാദനസഹകരണസംഘം (കെ.യു.സി.എസ്.), തലയോലപ്പറമ്പ് | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | ക്ഷീരോദ്പ്പാദനസഹകരണസംഘം (കെ.യു. സി.എസ്.), പൊതി | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | ക്ഷീരോദ്പ്പാദനസഹകരണസംഘം (കെ.യു.സി.എസ്.), വടയാർ | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | മെഡിക്കൽ ഓഫീസർ, സഞ്ചീവനി നഴ്സിംഗ് ഹോം | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | അമൃതാഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | ജന്റിൽമാൻ ചിട്ടിഫണ്ട് | ഒന്നും രണ്ടും അർദ്ധവർഷം |
| 10 | കളമ്പുകാട്ട് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 11 | പോപ്പുലർ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 12 | സെക്രട്ടറി കയർ സൊസൈറ്റി, വടയാർ | ഒന്നും രണ്ടും അർദ്ധവർഷം |

ഇതു സംബന്ധിച്ച് 10.8.17-ൽ നൽകിയ 9-ാം നമ്പർ എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈ

സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

തലയോലപ്പറമ്പ് പോസ്റ്റ് ഓഫീസിലെ ഹസ്സൻ കുഞ്ഞ് പി.എം. എന്ന ജീവനക്കാരനിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| ഹസ്സൻ കുഞ്ഞ് പി.എം., ജി.ഡി.എസ്.ബി.പി.എം | 78,808 | 450 | 750 | 300 |

കുറവായ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. <u>സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | വടയാർ കാർഷിക സംഘം ലിമിറ്റഡ് നം-307, തലയോലപ്പറമ്പ് | 1,2 |
| 2 | യു.എ.ഇ എക്സ്ചേഞ്ച്, തലയോലപ്പറമ്പ് | 2 |
| 3 | സെക്രട്ടറി കയർ സൊസൈറ്റി, വടയാർ | 1,2 |
| 4 | അമൃതാഫിനാൻസ്, തലയോലപ്പറമ്പ് | 1,2 |
| 5 | ജന്റിൽമാൻ ചിട്ടിഫണ്ട്, തലയോലപ്പറമ്പ് | 1,2 |
| 6 | കളമ്പൂകാട്ട്ഫിനാൻസ്, തലയോലപ്പറമ്പ് | 1,2 |
| 7 | പോപ്പുലർഫിനാൻസ്, തലയോലപ്പറമ്പ് | 1,2 |

ഇതു സംബന്ധിച്ച് 10.8.17ൽ നൽകിയ 10-ാം നമ്പർ എൻക്വയറിക്ക്(നം.1011/10.8.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 <u>ഡി&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു</u>

സഞ്ചയഡേറ്റ ബേസ് പ്രകാരം പഞ്ചായത്തിൽ 2000- ത്തോളം കെട്ടിടങ്ങൾ വാണിജ്യാനുബന്ധ ആവശ്യങ്ങൾക്കായി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും ഡി& ഒ ലൈസൻസ് എടുത്തുപ്രവർത്തിക്കുന്നത് 500 സ്ഥാപനങ്ങൾ മാത്രമാണ്. ഒരു സ്ഥാപനം പല കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടെങ്കിലും നാലിലൊന്ന് കെട്ടിടങ്ങൾ മാത്രമാണ് ഡി& ഒ ലൈസൻസ് എടുത്തിട്ടുള്ളതെന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ കള്ളുഷാപ്പുകളൊന്നും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. അതോടൊപ്പം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതുമായ താഴെചേർക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | എണ്ണം |
|---|---|---|
| 1 | ക്ഷീരോൽപാദകസംഘങ്ങൾ | 03 |
| 2 | റേഷൻ കടകൾ | ലഭ്യമല്ല |

| | | |
|---|---|---|
| 3 | മാവേലി സ്റ്റോർ/സിവിൽ സപ്ലയസ്സ് | ലഭ്യമല്ല |
| 4 | പഞ്ചായത്ത് ലേലം ചെയ്ത് അനുവദിച്ച അഞ്ച് ഇറച്ചിവിൽപനശാലകളിൽ പൊതി, വെട്ടിക്കാട്ട്മുക്ക് പ്രദേശത്തൊഴികെയുള്ള ഇറച്ചിവിൽപനശാലകൾ | 03 |
| 5 | പഞ്ചായത്തു വക അറവുശാല | 01 |
| 6 | സിനിമാ തിയേറ്ററുകളിൽ പ്രവർത്തിക്കുന്ന ഭക്ഷണ/സ്നാക്ക് സ്റ്റാളുകൾ | 02 |
| 7 | ഗ്യാസ് ഗോഡൗൺ | 01 |

മേൽ പ്രതിപാദിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 02) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇറച്ചിവിൽപന ശാലകൾ, കള്ളുഷാപ്പുകൾ, ഗ്യാസ് ഗോഡൗൺ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ടയത് പഞ്ചയത്തിന്റെ ഭാഗത്തുന്നുള്ള ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാണിജ്യാവശ്യങ്ങൾക്കായി അസസ്സ് ചെയ്ത കെട്ടിടങ്ങളിൽ ഡി& ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോ എന്നത് സംബന്ധിച്ച് വാർഡ്തല പരിശോധന നടത്തേണ്ടതും, മേൽ പട്ടികയിൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-7 കളക്ഷന് നൽകിയ ചെക്കുകൾ അക്കൗണ്ടുകളിൽ വരവു വന്നിട്ടില്ല

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള താഴെ പറയുന്ന ചെക്കുകൾ കളക്ഷനു വേണ്ടി ബാങ്കുകളിൽ നൽകിയിരുന്നുവെങ്കിലും നാളിതുവരെ ടി തുകകൾ പഞ്ചായത്ത് അക്കൗണ്ടുകളിൽ വരവു വന്നതായി കാണുന്നില്ല. ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിലും ഈ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | വൗച്ചർ നമ്പർ | വൗച്ചർ തിയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയതി | തുക |
|---|---|---|---|---|---|---|
| 1 | ടി.എസ്ബി-709051400000002 | 31600267 | 12.01.17 | 555728 | ലഭ്യമല്ല | 7,500 |
| 2 | ടി.എസ്ബി-709051400000002 | 11507900020 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 13,467 |
| 3 | ടി.എസ്ബി-709051400000002 | 11507900021 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 38,711 |
| 4 | കെ.ഡി.സി.ബി-050361203000003 | 11505500031 | 01.09.15 | 729569 | 31.08.15 | 1,250 |
| 5 | കെ.ഡി.സി.ബി-050361203000003 | 11405500101 | 24.03.15 | 666045 | 20.03.15 | 1,250 |
| 6 | കെ.ഡി.സി.ബി-050361203000003 | 11405500181 | 07.02.15 | 027670 | 06.02.15 | 19,550 |
| 7 | കെ.ഡി.സി.ബി-050361203000003 | 1125500120 | 27.03.13 | 637696 | 22.03.13 | 5,500 |
| 8 | കെ.ഡി.സി.ബി-050361203000003 | 11105500017 | 15.03.12 | 108866 | 08.03.12 | 4,566 |

മേൽ വിഷയം സംബന്ധിച്ച് 10.8.17ൽ നൽകിയ 7-ാം നമ്പർ എൻക്വയറിക്ക് ഇൻസ്ട്രുമെന്റ് നം.555728 പ്രകാരമുള്ള 7,500 രൂപ തെറ്റായി ടി.എസ്.ബി.അക്കൗണ്ടിൽ രേഖപ്പെടുത്തിയതാണെന്നും വൗച്ചർ നം.11507900020, 1150790021 പ്രകാരമുള്ള 13,467 രൂപ, 38,711 രൂപ എന്നിവ തെറ്റായി റീകൺസിലിയേഷനിൽ (directly debited)

ചേർത്തിട്ടുള്ളതാണെന്നും ചെക്ക് നം.729569 പ്രകാരമുള്ള 1,250 രൂപ 16.9.15ൽ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടെന്നും ചെക്ക് നം.666045, 637696 പ്രകാരമുള്ള 1,250 രൂപ, 5,500 രൂപയുടെ ചെക്കുകൾ നഷ്ടപ്പെട്ടുപോയത് രണ്ടാമതും വരവ് ചെയ്തതിനാലാണ് റീകൺസിലിയേഷനിൽ കാണപ്പെട്ടതെന്നും ചെക്ക് നം.027670 പ്രകാരമുള്ള 19,550 രൂപ 21.02.15-ാം തീയതി അക്കൗണ്ടിൽ വരവ് വന്നതാണെന്നും ചെക്ക് നം.1088666 പ്രകാരമുള്ള 4,566 രൂപ അക്കൗണ്ട് ബ്ലോക്ക് ചെയ്തിട്ടുള്ളതിനാൽ ചെക്ക് തിരികെ ലഭിച്ചതാണെന്നുള്ള മറുപടിയും ലഭ്യമാക്കി.
എന്നാൽ ഈ മറുപടികൾ സാധൂകരിക്കുന്ന തെളിവുകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ല. ചെക്കുകളുടെ കാലാവധി മൂന്ന് മാസമായിരിക്കെ ഈ വിഷയം നാളിതുവരെ പരിശോധിക്കാതിരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. അപാകതകൾ സംബന്ധിച്ച വിശദമായ മറുപടിയും തെളിവുകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ്- അപേക്ഷകളിൽ വിവരങ്ങൾ അപൂർണ്ണം

2016-17 വർഷം ഡി& ഒ ലൈസൻസിനായി സമർപ്പിച്ച പല അപേക്ഷകളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെയും ലൈസൻസിനാവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം, മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനങ്ങൾ ലൈസൻസിനാവശ്യമായ സ്ഥലം വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നത്, പ്രതിദിന വിറ്റുവരവ്, എന്നിവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ അന്വേഷണം നടത്താതെ ലൈസൻസ് നൽകിയതായി കാണുന്നു. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളിൽമേലും പരിശോധന റിപ്പോർട്ട് തയ്യാറാക്കാതെ പരിശോധനാ റിപ്പോർട്ട് രേഖപ്പെടുത്തേണ്ട സ്ഥാനത്ത് 'ലൈസൻസ് നൽകാവുന്നതാണ്' എന്നുമാത്രം രേഖപ്പെടുത്തിയാണ് ലൈസൻസ് നൽകിയിരിക്കുന്നത്.

സ്ഥാപന ഉടമകളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുമ്പോൾ അപേക്ഷകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. പരിശോധനയ്ക്ക് ഹാജരാക്കാത്ത അപേക്ഷകളും അനുബന്ധരേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം എന്നതിലുപരി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ സുരക്ഷിതമായും ശുചിത്വത്തോടുകൂടിയും സ്ഥാപനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഈ ലൈസൻസിന്റെ നടപടിക്രമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്,

## 2-9 കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്തതായ ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവുവെയ്ക്കേണ്ടതാണെന്ന് 2011ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 31.5.2017-ൽ നടത്തിയ തനതുഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പത്രിക പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ/തീയതി | തുക (രൂപ) |
|---|---|---|
| തലയോലപ്പറമ്പ് കെ.ഡി.സി.ബി- 050361203000003 | 554143/11.02.16 | 283 |
| തലയോലപ്പറമ്പ് കെ.ഡി.സി.ബി- 050361203000003 | 552653/04.04.15 | 780 |
| തലയോലപ്പറമ്പ് കെ.ഡി.സി.ബി- 050361203000003 | 554148//11.03.16 | 2900 |
| തലയോലപ്പറമ്പ് കെ.ഡി.സി.ബി- 050361203000003 | 1958480/19.12.14 | 15012 |

ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചേയ്യേണ്ടതുമാണ്.

## 2-10 ലേലം - കുടിശ്ശിക ഈടാക്കേണ്ടതാണ്

2016-17 കാലയളവിലേക്ക് തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറേ മാംസ സ്റ്റാളും, അറവുശാലയും ലേലം

കൊണ്ടിരുന്ന ശ്രീ.സോണിസേവ്യർ, അമ്പലത്തിൽ, 5,055/- രൂപ ലേലതുകയിൽ ബാക്കി അടവാക്കാനുണ്ട്. ടി കുടിശ്ശിക ഈടാക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-11 പഞ്ചായത്തു നടത്തുന്ന ഫെറികളിൽ നിയമാനുസൃതമായ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ സർവ്വീസ് നടത്തുന്നു

മുണ്ടാർ ഭാഗത്ത് കടത്ത് നടത്തുന്നതിനായി കടത്ത് വള്ളം ഉപയോഗിക്കുന്നതിന് പ്രതിമാസം 1,300/- നിരക്കിൽ ശ്രീ.അനിൽകുമാർ, കുന്നംതറക്കരി എന്ന വ്യക്തിക്ക് കരാർ നൽകിയിട്ടുണ്ടെങ്കിലും വള്ളത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (ഡി.ഫോം), കനാൽ ലൈസൻസ് (എം.ഫോം) എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതു സംബന്ധമായ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.3 ന്റെ മറുപടിയോടൊപ്പം കനാൽ ലൈസൻസ് (എം.ഫോം) സർട്ടിഫിക്കറ്റ് ഹാജരാക്കിയെങ്കിലും കടത്ത് വള്ളത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (ഡി.ഫോം) ഹാജരാക്കിയിട്ടില്ല.

അപകട സാധ്യതകളും, പഞ്ചായത്തിന്റെ താൽപര്യങ്ങളും കണക്കിലെടുത്ത് പഞ്ചായത്ത് നടത്തുന്ന ഫെറികളിൽ വ്യക്തമായ കരാർ ചമയ്ക്കേണ്ടതും നിലവിലുള്ള നിയമമനുസരിച്ചുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (ഡി.ഫോം), കനാൽ ലൈസൻസ് (എം.ഫോം), എന്നിവ ഉണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-12 വാടക കുടിശ്ശിക - പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്

2016-17 കാലയളിൽ പഞ്ചായത്ത് വക വാടക കെട്ടിടങ്ങളിൽ നാല് കെട്ടിടങ്ങളുടെ വാടകയിനത്തിൽ 27,825/- രൂപ കുടിശ്ശിക വരുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്& അഡ്രസ്സ് | കെട്ടിട നം. | കുടിശ്ശിക തുക (രൂപ) |
|---|---|---|---|
| 1 | ത്രേസ്യാമ്മ ജോസഫ്, വടക്കേ കൊല്ലംപറമ്പിൽ | 6/779 | 8,720 |
| 2 | സുഹറാ ഷെരീഫ്, വേഴവേലിൽ | 6/893 | 3,540 |
| 3 | എം.എസ്.അസീസ്, മാമ്പഴത്തിൽ | 6/932 | 2,904 |
| 4 | എ.എൻ.പ്രദീപ്, കീഴ്ചാടത്തിൽ | 8/28C | 12,661 |
| ആകെ | | | 27,825 |

വാടകയിനത്തിലുള്ള കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി വിവരം രേഖകളോടൊപ്പം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-13 മാസ വാടക അടവാക്കുന്നതിൽ വീഴ്ചവരുത്തിയ വാടകക്കാരിൽനിന്ന് കരാർ പ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് വക വാടക കെട്ടിടങ്ങളിൽ, വാടകക്കാർ മാസ വാടക എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻമ്പ് അടവാക്കണമെന്നും വീഴ്ചവരുത്തിയാൽ 18% നിരക്കിൽ (വാർഷികം) പിഴപലിശ ഈടാക്കുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും മാസ വാടക അടവാക്കുന്നതിൽ വീഴ്ചവരുത്തിയ പലരിൽ നിന്നും പിഴപലിശ കുറവായി ഈടാക്കുകയോ ഈടാക്കാതിരിക്കുകയോ ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കെട്ടിട നം. & മാസ വാടക | കുടിശ്ശിക കാലയളവ് | അടവാക്കിയ മാസം | പിഴപലിശ (18% നിരക്കിൽ) | ഈടാക്കിയ പിഴപലിശ | കുറവ് തുക |
|---|---|---|---|---|---|---|
| വി.എൻ.രാജപ്പൻ, വടക്കേത്തറ. | 6/773(1), 828 രൂപ | മെയ് - ഡിസംബർ | മാർച്ച് | 646 | 100 | 546 |
| ചന്ദ്രൻ, ഇലഞ്ഞിക്കാട് | 6/774(2), 1627രൂപ | ഏപ്രിൽ- നവംബർ | മാർച്ച് | 1464 | 114 | 1350 |

| | | | | | | |
|---|---|---|---|---|---|---|
| സി.ചാക്കോ, ഞാറവേലിൽ | 6/784, 761രൂപ | ഏപ്രിൽ- ഒക്ടോബർ | നവംമ്പർ | 320 | - | 400 |
| | | നവംമ്പർ- ഡിസംബർ | മാർച്ച് | 80 | - | |
| പയസ് കെ.സി., കുറാപ്പള്ളിൽ | 6/787, 1628രൂപ | ഏപ്രിൽ- മെയ് | ജൂൺ | 73 | - | 725 |
| | | ജൂലൈ- നവംബർ | മാർച്ച് | 733 | 81 | |
| ടോമി, കൊച്ചുപറമ്പിൽ | 6/929, 499രൂപ | ഏപ്രിൽ- നവംബർ | മാർച്ച് | 449 | - | 449 |
| റസാക്ക്, കോലേഴത്ത് | 6/934, 263രൂപ | ഏപ്രിൽ- നവംബർ | മാർച്ച് | 237 | - | 237 |
| അനിൽ കുമാർ, പുലിമഠത്തിൽ | 6/936, 1659രൂപ | ഏപ്രിൽ- നവംബർ | മാർച്ച് | 1493 | 133 | 1360 |
| ആകെ | | | | 5495 | 428 | 5067 |

മേൽ പട്ടിക പ്രകാരം പിഴപലിശയിനത്തിൽ കുറവ് വന്ന തുക (5,067 രൂപ) കരാറുകാരിൽനിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-14 ഇ-ടെണ്ടർ-പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല

2016-17 വർഷം ഇ-ടെൻഡർ ചെയ്ത ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ടെൻഡർ ഫീസ്, ഇ.എം.ഡി എന്നിവ പ്രകാരമുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല.

| പ്രോ.നം.,പേര് | എസ്റ്റിമേറ്റ് തുക | ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് | ഇ.എം.ഡി |
|---|---|---|---|---|
| 22/17,ഭൂതപുരം കോളനി റോഡ് റീ ടാറിംഗ് | 6,31,306 | 1 | 1300 | 15800 |
| 77/17,തലപ്പാറ-കീഴൂർ ടെമ്പിൾ റോഡ് പുനരുദ്ധാരണം | 5,85,000 | 2 | 2000 | 23150 |

ടെൻഡർ ഫീസുൾപ്പെടെയുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗവ. ആശുപത്രി മരുന്ന് വാങ്ങൽ പ്രൊജക്ടുകളിലെ അപാകതകൾ

1. ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- അപാകതകൾ

പ്രോജക്ട് : 136/16-17

അടങ്കൽ : 2,00,000

ചെലവ് : 2,00,000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നമ്പർ : 1/16-17 തീയതി : 18.03.2017

മേൽ പ്രോജക്ട് പ്രകാരം തലയോലപ്പറമ്പ് ഹോമിയോ ആശുപത്രിയ്ക്ക്, മരുന്ന് വാങ്ങുന്നതിനായി 2,00,000 രൂപ ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.6/10.8.2017) മരുന്നുകൾ നാളിതുവരെ ഹോംകോയിൽ നിന്ന് ലഭ്യമായിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർ മറുപടിയും നൽകി. ഈ സാഹചര്യത്തിൽ മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് നൽകിയ 2,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- അപാകതകൾ

പ്രോജക്ട് : 122/16-17

അടങ്കൽ : 3,00,000

ചെലവ് : 3,00,000

നിർവഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

ബിൽ നമ്പർ : 24/16-17 തീയതി : 29.03.2017

മേൽ പ്രോജക്ട് പ്രകാരം തലയോലപ്പറമ്പ് ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 3,00,000 രൂപ, ഔഷധി, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.8/10.8.2017) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് നൽകിയ 3,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | വൗച്ചർ നമ്പർ/ഡി.ഡി നമ്പർ/ബിൽ നമ്പർ<br>തുക സ്വീകരിച്ച ഓഫീസ് |
|---|---|---|---|---|
| 1 | 130/2017 വേനക്കുഴി ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | സെക്രട്ടറി | 1,29,600/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21600976/4/3/17<br>അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി തലയോലപ്പറമ്പ് |
| 2 | 126/17, കൊല്ലാറ – കുറന്തറ റോഡിൽ എൽ റ്റി സിംഗിൾ ഫേയ്സ് ലൈൻ നീട്ടൽ | സെക്രട്ടറി | 75,000/-<br>തനത്ഫണ്ട് - | 21601037/17/3/17<br>അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി തലയോലപ്പറമ്പ് |

| | | | | |
|---|---|---|---|---|
| 3 | 171/17, രണ്ടാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | സെക്രട്ടറി | 77,770/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21601107/30/3/17 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി തലയോലപ്പറമ്പ് |
| 4 | 166/17വാർഡ് 8 ൽ പൈപ്പ്ലൈൻ നീട്ടൽ | സെക്രട്ടറി | 1,96,000/ വികസനഫണ്ട് | 21601122/31/3/17 എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി |
| 5 | 167/17വാർഡ് 11 ൽ പൈപ്പ്ലൈൻ നീട്ടൽ | സെക്രട്ടറി | 3,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21601146/31/3/17 എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി |
| 6 | 168/17വാർഡ് 10 ൽ പൈപ്പ്ലൈൻ നീട്ടൽ | സെക്രട്ടറി | 2,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21601122/31/3/17 എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി |
| 7 | 177/17പൊട്ടൻചിറ – വടക്കുംഭാഗം റോഡിൽ പൈപ്പ്ലൈൻ നീട്ടൽ | സെക്രട്ടറി | 1,16,583/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21601150/31/3/17 എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി |
| 8 | 96/17 എസ് എസ് എ വിഹിതം നൽകൽ | സെക്രട്ടറി | 9,34,805 വികസനഫണ്ട് | 21600678/1/12/16 ജില്ലാ പ്രോജക്ട് ഓഫീസർ, എസ് എസ് എ, കോട്ടയം |
| | ആകെ | | 20,29,758 രൂപ | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 20,29,758/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു. 2016-17 വർഷം കേരള വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം 12,86,256 രൂപ അടവാക്കിയിട്ടുണ്ട്. എല്ലാ മാസങ്ങളിലെ ബില്ലുകളിലും മുൻബാക്കി രേഖപ്പെടുത്തി ടി തുകയ്ക്ക് ഫൈൻ ചുമത്തുന്നു. അതു വഴി അടയ്ക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ സാരമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു. തൻ വർഷം 1,57,860 രൂപ ഫൈൻ ഇനത്തിൽ അടക്കേണ്ടി വന്നു. ഇപ്രകാരം വാട്ടർ ചാർജ്ജിനത്തിൽ തുക ബാലൻസ് നില്ക്കുവാനും ടി തുകയുടെ ഫൈൻ ഉൾപ്പെടെ കുടിശിക തുക വർദ്ധിയ്ക്കുവാനും ഇടയാകുന്നു.വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം 245 ടാപ്പുകൾക്കായി പ്രതിമാസം 1,07,188 രൂപയാണ് അടവാക്കുന്നത്. വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടിൽ പരാമർശിച്ചെങ്കിലും നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ല. GO(Rt) 1501/2006/LSGD/23.06.2006,GO(Rt)2242/2011/LSGD /28.09.2011 എന്നിവയുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണയിച്ച് വെള്ളക്കരം ക്രമീകരിക്കേണ്ടതുമാണ്. തനതുഫണ്ടോ

മെയിന്റനൻസ് ഗ്രാന്റോ വകയിരുത്തി പ്രോജക്ട് പ്രകാരം തുക അടവാക്കാൻ ശ്രമിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിഴ അടവാക്കേണ്ടി വന്നത് ഗുരുതരവീഴ്ചയാണ്. ഭരണസമിതി ഈ വിഷയം അടിയന്തിരമായി പരിഗണിക്കേണ്ടതും പഞ്ചായത്തിന്റെ വരുമാനചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ആശ്രയ

ആശ്രയപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി പ്രോജക്ട് ഗുണഭോക്താക്കൾക്ക് അടിസ്ഥാന ജീവിതസൗകര്യങ്ങളൊരുക്കുന്നതിൽ ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. തലയോലപ്പറമ്പ് കേരളഗ്രാമീൺബാങ്ക് ശാഖയിലുള്ള ആശ്രയപദ്ധതി അക്കൗണ്ടിൽ (A/C NO.40541101003730) 2016-17 വർഷത്തിൽ പ്രോജക്ട് നം.148/17(ജനറൽ), 123/17(എസ്.സി) പ്രകാരം 10,00,000/-രൂ (6,00,000+4,00,000) അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ 3,00,000/- രൂപ ഒരു ഗുണഭോക്താവിന് സ്ഥലം വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 28,19,450/- രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു. അവശതയനുഭവിക്കുന്നവരും ആലംബഹീനരുമായ ജനതയ്ക്ക് അടിസ്ഥാന ജീവിത സൗകര്യമൊരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 3-5 നാളിതുവരെ ശമ്പളപരിഷ്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയില്ല

23.11.1983 ൽ സേവനത്തിൽ പ്രവേശിച്ച സീനിയർ ക്ലർക്ക് ശ്രീ.സി.എ.ഉദയഭാനുവിന്റെ നാളിതുവരെയുള്ള ശമ്പളപരിഷ്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. ടിയാന് നിലവിൽ (1.7.14 ൽ) 13,210-22,360 പ്രീ റിവൈസ്ഡ് സ്കെയിലിൽ 13,210 രൂപയാണ് ശമ്പളമായി നൽകുന്നത്. അടിയന്തിരമായി അപാകത പരിഹരിച്ച് ടിയാന്റെ ശമ്പളം പുനർ നിർണ്ണയിക്കേണ്ടതാണ്.

## 3-6 നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല

1. നിർമ്മാണ പ്രവർത്തികൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമ്പൂർണ്ണമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | റോഡ് പ്രവൃത്തി | അടങ്കൽ | നിർവ്വഹിച്ച പ്രവൃത്തി | ചെലവ് | പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവൃത്തി |
|---|---|---|---|---|---|
| 50/17 | ചള്ളാങ്കൽ - കളത്തൂർ റോഡ് മെറ്റലിംഗ് | 1,50,000 | മെറ്റലിംഗ് മാത്രം | 1,40,531 | ടാറിംഗ് |
| 169/17 | തറയിൽ - വടാമിറ്റം റോഡ് മെറ്റലിംഗ് | 2,00,000 | മെറ്റലിംഗ് മാത്രം | 1,77,840 | ടാറിംഗ് |
| 83/17 | പഴംപെട്ടി - എ കെ ജി സ്മാരക റോഡ് മെറ്റലിംഗ് | 2,12,000 | മെറ്റലിംഗ് മാത്രം | 1,57,893 | ടാറിംഗ് |

2.പല റോഡ് പ്രവൃത്തികളും ആകെ നീളം താരതമ്യേന വളരെ കുറവാണെങ്കിലും ആ അളവ് പൂർണ്ണമായും പ്രവർത്തി നിർവഹണത്തിൽ ഉൾപ്പെടുത്താതെ കുറച്ചു ദൂരം മാത്രം നിർവ്വഹിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | റോഡ് പ്രവൃത്തിയുടെ പേര്/ചെലവ് | റോഡിന്റെ ആകെ നീളം | പ്രവർത്തി നിർവഹിച്ച ദൂരം | ബാക്കി നിൽക്കുന്ന ദൂരം |
|---|---|---|---|---|
| 55/17 | പാറക്കണ്ടം പഴയകടവ് റോഡ് മെറ്റലിംഗ് & ടാറിംഗ് 435089/- | 310 | 190 | 120 |
| 86/17 | ഓണം കണ്ടത്തിൽ കുടകുത്തിറോഡ് മെറ്റലിംഗ് മെറ്റലിംഗ് & ടാറിംഗ് 470182 | 190 | 105 | 85 |

നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയാഗം ഫലപ്രാപ്തിയിലെത്തുകയോ ആസ്തിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുകയോ ചെയ്തിട്ടില്ല. വരുംവർഷങ്ങളിൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 16-17 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 16-17 | 1,50,000 | സ്വാന്തനപരിചരണം | 1,50,000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 1,29,600 | 130/17, ലൈൻ എക്സ്റ്റൻഷൻ | 1,29,600 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| കെ.എസ്.ഇ.ബി | 75,000 | 126/17,വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 75,000 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| കെ.എസ്.ഇ.ബി | 77,770 | 171/17,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ | 77,770 | വിനിയോഗവിവരം |

| | | | | |
|---|---|---|---|---|
| | | വലിക്കൽ | | ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | 1,96,000 | 166/17,വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,96,000 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | 3,00,000 | 167/17, പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 3,00,000 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | 2,00,000 | 168/17,വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 2,00,000 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | 1,16,583 | 177/17,വാർഡ് 10 പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 1,16,583 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തുക, വർഷം | പ്രാരംഭബാക്കി | 16-17 പലിശ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | വടയാർ എസ്.സി.ബി<br>FD No.09226 | 7,50,000<br>26.11.12 | 9,51,631 | 95,163 | 10,46,794 |
| 2 | ഫാർമേഴ്സ് ബാങ്ക്, തലയോലപ്പറമ്പ്<br>FD No.85025 | 7,50,000<br>28.11.12 | 9,32,426 | 93,243 | 10,25,669 |
| | ആകെ | 15,00,000 | 18,84,057 | 1,88,406 | 20,72,463 |

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18,84,057 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 1,88,406 |
| ആകെ | 20,72,463 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,72,463 |

ലഭ്യമായ എഫ്.ഡി രസീത്, ബാങ്ക് സ്റ്റേമാൾ എന്നിവയിൽ നിന്നാണ് മേൽ വിവരങ്ങൾ ലഭ്യമായത്. ടി തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3(a) | 2007-08 | 3-32-1 | വസ്ത്രനിർമ്മാണ യൂണിറ്റ് – അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല | – |
| 2002-03 | ചെലവ് ഭാഗം 2 ഖ-19 | 2005-06 | 2-27-1 | SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ | – |
| 1999-00 | 25ബി 33 | 2003-04 | പേജ് 63 | 1.എർത്ത്ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - 10554<br>2.കർഷകർക്ക് വളം വിതരണം അധിക സബ്സിഡി-15608 | – |
| | | 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ<br>ഖ 5-1<br>പേജ് 57,65,76 | – | – |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,29,43,584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,42,91,686 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 37,947 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25,29,758 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-10 | 5,055 | | ശ്രീ.രാജേഷ് ടി.വർഗീസ്, സെക്രട്ടറി |
| 2-12 | 27,825 | | ശ്രീ.രാജേഷ് ടി.വർഗീസ്, സെക്രട്ടറി |
| 2-13 | 5,067 | | ശ്രീ.രാജേഷ് ടി.വർഗീസ്, സെക്രട്ടറി |
| ആകെ | 37,947 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1-1 | 200000 | ശ്രീമതി കെ.മോളി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-1-2 | 300000 | ഡോ.രാമകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-2 | 1094953 | ശ്രീ.സുനിൽ എസ്., സെക്രട്ടറി, തലയോലപ്പറമ്പ് |
| 3-2 | 934805 | ശ്രീമതി രാജരാജേശ്വരി എസ്.,<br>അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) |
| ആകെ | 2529758 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ് ടി. വർഗീസ്, | സെക്രട്ടറി,<br>തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | തെക്കെപറമ്പിൽ ഹൗസ്,<br>മുത്തോലപുരം പി.ഒ.,<br>ഇലഞ്ഞി – 686665 |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 വരവ് | എൽ.എഫ്.കെ.പി5/1062/07/6.10.09 |
| 1998-99ചെലവ് | എൽ.എഫ്.കെ.പി5/562/അദാ/14/28.11.14 |
| 99-00ചെലവ് | എൽ.എഫ്.കെ.പി5/1006/അദാ/14/7.1.15 |
| 92-93, 93-94, 94-95, 95-96 | എൽ.എഫ്.കെ.പി5/1099/07/6.10.09 |
| 98-99 വരവ് | എൽ.എഫ്.കെ.പി5/1096/07/6.10.09 |
| 99-00 വരവ് | എൽ.എഫ്.കെ.പി5/1097/07/6.10.09 |
| പ്ളാൻ 00-01,01-02 | എൽ.എഫ്.കെ.പി5/569/അദാ/14/7.1.15 |
| 00-01 വരവ് | എൽ.എഫ്.കെ.പി5/1098/07/14.9.09 |

| | |
|---|---|
| 01-02 | എൽ.എഫ്.കെ.പി5/1082/08/9.10.09 |
| 2003-04 | എൽ.എഫ്.കെ.പി 5/1084/08/26.3.10 |
| 2004-05 | എൽ.എഫ്.കെ.പി5/989/09/6.12.10 |
| 2005-06 | എൽ.എഫ്.കെ.പി5/354/10/14.6.11 |
| 2006-07 | എൽ.എഫ്.കെ.പി1/960/അദാ1/06/11(6)/29.8.11 |
| 2007-08 | എൽ.എഫ്.കെ.പി5/356/10/5.11.12 |
| 2008-09 | എൽ.എഫ്.കെ.പി9/871/11/13.6.12 |
| 2009-10 | എൽ.എഫ്.കെ.പി9/872/11/8.11.12 |
| 2010-11 & 2011-12 | എൽ.എഫ്.കെ.പി9/920/13/3.2.14 |
| 2012-13 | എൽ.എഫ്.കെ.പി9/585/14/21.4.15 |
| 2013-14, 14-15 | കെ.എസ്.എ-കെ.ടി.എം.പി9/967/16/12.7.16 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി9/1968/16/30.12.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി8/1335//2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 07.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം